# അസാധാരണക്കാരൻ

സാധാരണ എല്ലാവരേയും പോലെയല്ലാത്തവരാണല്ലോ അസാധാരണക്കാർ. അതുകൊണ്ട് തന്നെ കുട്ടൻ സാധാരണക്കാരനല്ല. കുട്ടന്റെ ലോകം സാധാരണപോലയല്ല. കാഴ്ചയും കാര്യങ്ങളും ഒന്നും അങ്ങനയല്ല. ജനസാന്ദ്രതയേറി മുട്ടിമുട്ടി വീടുള്ളിടത്ത് അസാധാരണമായൊരു വീട്ടിൽ കുട്ടൻ താമസിച്ചുപോന്നു. വീട്ടിൽ താമസിച്ചുപോന്നു എന്നത് പൂർണ്ണമായും ശരിയല്ല. കുട്ടൻ രാവിലെ ഉണരുന്നു. സാധാരണ ദിനചര്യകളെല്ലാം എല്ലാ ദിവസവും ഉണ്ടാകണമെന്നില്ല. അത് ഇന്നയിടത്ത് തന്നെ ആകണമെന്നില്ല. എല്ലാ ദിവസവും പ്രദേശത്തെ ഏതെങ്കിലുമൊരു വീട് കുട്ടനെ അന്വേഷിക്കുന്നുണ്ടാകും. മാങ്ങ പറിക്കാൻ, മാവിലെ ഇത്തിക്കണ്ണിയിറക്കാൻ, തേങ്ങ കൂട്ടിയിടാൻ, ചന്തയിൽ പോയി സാധനം മേടിക്കാൻ, കോഴിക്കൂട് കൂട്ടാൻ, മണ്ണുചുമക്കാൻ, വെള്ളം കോരാൻ, ഗ്യാസെടുക്കാൻ, കരണ്ട് ചാർജടയ്ക്കാൻ, ഒന്നുമല്ലെങ്കിൽ വൈകുന്നേരമേതെങ്കിലുമൊരു കൂട്ടർക്ക് മദ്യം മേടിക്കാൻ തുടങ്ങി കുട്ടനെ ആവശ്യമുള്ളവർ ഏറെയാണ്. എല്ലാവർക്കും കുട്ടനെ കാര്യമാണ്. എന്നും എവിടെനിന്നെങ്കിലും എന്തെങ്കിലുമൊക്കെ കിട്ടും. ദിവസമവസാനിക്കുമ്പോൾ എന്തെങ്കിലുമൊക്കെ ചെയ്തതിന്റെ കൂലിയെന്ന കണക്കല്ലാതെ സഹായമെന്ന നിലയിൽ കിട്ടുന്നതിന് കുടിക്കും. കൂടുതൽ കുടിച്ചാൽ എവിടെയെങ്കിലും കിടക്കും, അല്ലങ്കിൽ വീട്ടിൽ പോയി കിടക്കും.

പതിനാറു വർഷം പഴക്കമുള്ള അച്ഛൻ തെങ്ങ് എട്ടുവയസ്സുള്ളപ്പോൾ മുതൽ കുട്ടനെ കാത്തുനിൽക്കും. കഴിഞ്ഞ പന്ത്രണ്ടു വർഷമായി അച്ഛൻ തെങ്ങിനൊപ്പം അമ്മതെങ്ങും കുട്ടനെ കാത്തുനിൽപാണ്. വേറൊരു ജീവിയും കുട്ടനെ കാത്തിരിക്കാൻ വീട്ടിലില്ല. കാത്തിരിക്കുന്നവരല്ലങ്കിലും വീട് നിറച്ച് ജീവികളാണ്. പാറ്റയും പഴുതാരയും പല്ലിയും എട്ടുകാലിയും തുടങ്ങി പല ജീവികളും സുരക്ഷിതമായി വാഴുന്നിടമാണ് കുട്ടന്റെ വീട്. അതിൽ എടുത്തുപറയേണ്ടത് ചിതലുകളാണ്. ഇത്രയേറെ നിർഭയത്തോടെ ചിതലുകൾക്ക് വാസമാക്കാൻ പറ്റിയൊരിടം മറ്റൊന്നില്ല. തടിയിൽ തീർത്ത പഴയവീടിന്റെ നല്ല രണ്ടു മുറികളുടെ ശേഷിപ്പിൽ നിന്ന് അവർ, ശേഷിക്കുന്ന അറയും അതിനോടു ചേർന്നുള്ള മുറിയിലേയ്ക്കും മാറിതാമസിച്ചിരിക്കുകയാണ്. കുറച്ചുള്ള മുറ്റത്തുനിന്നാണ് നാട്ടുകാരിൽ പലരും വേണ്ടപ്പെട്ടവരുടെ സംസ്കാര ചടങ്ങുകൾക്കു വേണ്ട ചമതയ ചെറുപുള തുടങ്ങിവ പറിച്ചെടുക്കുന്നത്. വായിൽ പുണ്ണ് വന്ന കുട്ടികളുടെ അമ്മമാർ കുടകന് വേണ്ടി കയറിയിറങ്ങുന്നതും കുട്ടന്റെ മുറ്റത്ത് തന്നെയാണ്. പ്രദേശത്തെ പയ്കളോ, കോഴികളോ അതിരുകൾ ഭേദിച്ചതിന് കശപിശ ഉണ്ടാക്കാത്ത ഏക ഇടവും കുട്ടന്റേതാകുന്നു. ആകെ ഉണ്ടായിട്ടുള്ളത് കുട്ടന്റെ അച്ഛൻ തെങ്ങിൽനിന്നും അമ്മതെങ്ങിൽനിന്നും കണ്ണീരു പൊഴിയും പോലെ അടർന്നു വീഴുന്ന തേങ്ങ പങ്കിട്ടെടുക്കുന്ന അയലത്തുകാരുടെ അലറിച്ചകൾ മാത്രമാണ്.

അങ്ങനെ കടന്നു പോകവെയാണ്, കയറി ഇറങ്ങിപ്പോകാറുള്ള ഒരു ചക്കിപ്പൂച്ച, വീട്ടിൽ താമസമാക്കിയത്. പാതിപൊളിഞ്ഞ കട്ടിലിൽ ചുരുണ്ടുകൂടി ഉറങ്ങുന്ന കുട്ടനെ കടന്ന് വാതിലില്ലാത്ത അറയിലേയ്ക്ക് അത് കടക്കുകയും ചിലപ്പോഴൊക്കെ കുട്ടന്റെ ദേഹത്ത് ചാടിയിറങ്ങി പുറത്തുപോകുന്നതും പതിവായി. കുട്ടനതൊന്നും പരിഭവമോ പരി

ഭ്രമമോ ഉള്ള കാര്യങ്ങളല്ല. ദിവസങ്ങൾ കുറെക്കഴിഞ്ഞ് അറയ്ക്കുള്ളിൽ നിന്ന് നേർത്ത ഞരക്കങ്ങൾ കേൾക്കാം. പിന്നെയത് വളർന്ന് രാത്രിയിൽ കുട്ടനെ ഉറക്കത്തിൽ നിന്ന് ഉണർത്താൻ പോന്ന 'മ്യുവു' ശബ്ദമായി മാറി. പക്ഷേ പഴയതുപോലെ ചക്കിപ്പൂച്ചയുടെ കയറ്റിറക്കങ്ങൾ ഇല്ലാതായി.

ഇതിനുമുമ്പ് മറ്റൊരു ജീവിയും ഉയർത്താത്ത വെല്ലുവിളി അറയ്ക്കുള്ളിൽ നിന്ന് കുട്ടന് നേരിടേണ്ടിവന്നു. 'മ്യുവു' ശബ്ദം കേട്ട് ഉറക്കത്തിനു ഭംഗം വരിക പതിവായി. അങ്ങനെയിരിക്കെ ഒരു ദിവസം വൈകിട്ട് ഒരു സംഘത്തിന് ആദ്യം വാങ്ങിയ കുപ്പിയും തികയാതെ വന്ന് കുട്ടൻ പോയി വാങ്ങിയ രണ്ടാമത്തെ കുപ്പിയിൽ നിന്ന് സാധാരണയിലധികം അകത്താക്കാൻ അവസരം കിട്ടി. അവർ മതിയാക്കി വച്ച ആഹാരം ആവശ്യത്തിലധികം അകത്താക്കുകയും ചെയ്തു. അവിടെ എവിടെയെങ്കിലും കിടക്കേണ്ടതാണ്, പക്ഷേ മഴ, ഒന്നു ചാറി. ഇനിയതു കോരിച്ചൊരിയുകതന്നെ ചെയ്യും. കുട്ടൻ ഒരു വിധം വീട്ടിലെത്തി. അറയ്ക്കുള്ളിൽ നിന്ന് 'മ്യുവു' ശബ്ദം തളം കെട്ടി പുറത്തേയ്ക്കൊഴുകുകയാണ്. കുട്ടന് അസാധാരണമാം വിധം അരിശം വന്നു. ഒരുവിധം അറയ്ക്കുള്ളിൽ കയറി മൂന്നു പൂച്ചക്കുട്ടികളെ കഴുത്തിന് പിടിച്ച് പുറത്തേയ്ക്കെറിഞ്ഞു. പുറത്തിറങ്ങി അവയെ വകവരുത്തിയേക്കാമെന്നോ മറ്റോ കരുതിയിട്ടുണ്ടാവണം. ഒന്നിനുമായില്ല. ഭൂമി മുഴുവൻ കറങ്ങിയതിനൊപ്പം കറങ്ങിവീണു. അധികം കഴിച്ചതെല്ലാം ഛർദ്ദിച്ചു. ബോധമറ്റു.

രാവിലെ ഉണർന്നതും 'മ്യുവു' ശബ്ദം കേട്ടാണ്. അതിലൊന്ന് തന്റെ ചെവിക്കരികിലും, മറ്റൊന്ന് കക്ഷത്തിലും മൂന്നാമത്തേത് വയറിനടുത്തുനിന്നുമാണന്ന് അറിഞ്ഞ് കുട്ടൻ ഞെട്ടിയെഴുന്നേറ്റു. മൂന്നിടത്തും നേർത്ത പതുപതുപ്പും ചൂടും. വെളുപ്പും തവിട്ടും കലർന്നവ മൂന്ന്. നനുത്ത രോമങ്ങൾ തിളങ്ങി. ഇത്രമേൽ അഴുക്കുപുരണ്ട തന്നെ ചേർന്നിവ എങ്ങനെ കിടന്നെന്ന് ആലോചിച്ചു കുട്ടൻ നിൽക്കുമ്പോൾ അവ ഛർദ്ദിലിൽ നക്കിത്തുടച്ചു. കുട്ടന് മനം പുരട്ടിയപ്പോൾ ഇറങ്ങിപ്പോയി.

പിന്നീട് സാധാരണപോലെ തിരിച്ചുവന്നു. മുറിക്കുള്ളിലാകെ 'മ്യുവു'ശബ്ദമാണ്. അവ കുട്ടന്റെ അഴുക്കു പുരണ്ട കാൽ പാദങ്ങളിൽ ബലമുറയ്ക്കാത്ത നഖമമർത്തി പരതി. വിരലിൽ ചെറിയ മുഖമുരമ്മി നക്കി. കാലുകൾ ഇടറി താഴെ വീണു. മൃഗങ്ങളും മനുഷ്യനെപ്പോലെ തുടങ്ങിയിരിക്കുന്നു. തള്ളപ്പൂച്ച അവയെ പാടെ ഉപേക്ഷിച്ചിട്ടുപോയി. ഇനി എന്തെങ്കിലും പിണഞ്ഞതുമായിരിക്കാം. എന്തായാലും ഇനി അതിനെ കണ്ടാൽ വെറുതെ വിടാൻ കുട്ടന് ഭാവമില്ല. കുട്ടൻ നേരെ കിഴക്കേതിലെ പ്രശാന്തിന്റെ കിടപ്പുമുറിയിൽ തട്ടി. അഴിഞ്ഞ മുണ്ട് തിരികിപ്പിടിച്ച് പ്രശാന്ത് കതകുതുറന്നു.

''കുറച്ചു കഞ്ഞിവെള്ളം കിട്ടുമോ''?

''ഈ സമയത്തോ! നിനക്കെന്തിനാ ഇപ്പോ കഞ്ഞിവെള്ളം''?

''പൂച്ചക്കുട്ടികൾക്ക് കൊടുക്കാനാ''

''കഞ്ഞിവെള്ളം കമത്തി കേട്ടോ'' — കട്ടിലിൽ കിടന്ന് പ്രശാന്തിന്റെ ഭാര്യ രജനി പറഞ്ഞു.

''പൊട്ടൻ'' — എന്നു പറഞ്ഞ് പ്രശാന്ത് കതകടച്ചു.

കുട്ടനറിയാം താൻ പൊട്ടനൊന്നുമല്ലന്ന്. പടിഞ്ഞാറ്റേതിലെ ജയന്റെ തൊഴുത്തിൽ കാടിവെള്ളമുണ്ടന്ന് കുട്ടനുറപ്പായിരുന്നു. തൊഴുത്തിലേയ്ക്കുപോയി. പശു ഒന്നമറി. തിണ്ണ

യിൽ കണ്ട പാത്രത്തിൽ കാടിവെള്ളമെടുത്തു. നിവരുന്നതിനിടയിൽ പുറത്ത് ഒരടി വീണു. പൂട്ടിക്കെട്ടിയുള്ള പിടത്തവും.

''ജയൻ ചേട്ടാ, പൂച്ചക്കുട്ടികൾക്ക് കാടിവെള്ളമെടുക്കാൻ വന്നതാ''.

''ഈ നേരത്താണോടാ കാടിവെള്ളം, പൊട്ടനെപ്പോലെ നടന്ന് വേണ്ടാതീനം കാണിക്കുന്നോ. ഇനി കണ്ടാ കൊന്നുകളയും ഞാൻ''

ജയൻ ചാടിക്കിതച്ച് അകത്തേയ്ക്ക് പോയി. അകത്ത് ഭാര്യയുമായി ബഹളം കേട്ടു. കുട്ടൻ കാടിവെള്ളവുമെടുത്ത് തിരിച്ചുപോന്നു. പൂച്ചക്കുട്ടികൾ വയറ് നിറച്ച് കാടിവെള്ളം കുടിച്ചു. രാവിലെ ഉണർന്നപ്പോൾ പഴയതുപോലെ 'മ്യുവു' ശബ്ദം കേട്ടില്ലങ്കിലും കുട്ടന് ശരീരത്തിന്റെ മൂന്നിടങ്ങളിൽ പതുപതുപ്പും ചൂടും അനുഭവപ്പെട്ടു. രാവിലെ സാധാരണ പോലെ പോകാനിറങ്ങിയപ്പോൾ, പൂച്ചക്കുട്ടികൾ പിറകിൽനിന്ന് 'മ്യുവു' വിളിച്ചു കരഞ്ഞു. ഒന്നു തിരിഞ്ഞുനോക്കിയിട്ട് കുട്ടൻ നടന്നുപോയി.

വൈകിട്ട് വന്നപ്പോൾ നേരത്തേതന്നെ കഞ്ഞിവെള്ളവും കുറച്ചു വറ്റും കയ്യിൽ കരുതി. മുറിയിലാകെ അവശമായ 'മ്യുവു' ശബ്ദമാണ്. കുട്ടനെ കണ്ടപ്പോൾ ശബ്ദമിരട്ടിച്ചു. കുട്ടന് വല്ലാതെ സങ്കടം തോന്നി. പൂച്ചക്കുട്ടികളുടെ നനുത്ത രോമങ്ങൾ രക്തത്തിൽ ഒട്ടിച്ചേർന്നിരുന്നു. എന്തോ ഉപദ്രവിച്ചട്ടുണ്ട്. ലോകത്തോട് മുഴുവൻ കുട്ടന് പക തോന്നി. കഞ്ഞിവെള്ളവും വറ്റും പൂച്ചക്കുട്ടികളെക്കൊണ്ട് തീറ്റിച്ചു. കയ്യിൽ ഒരു വലിയ വടി കരുതി അവയ്ക്കൊപ്പം കിടന്നുറങ്ങി.

രാവിലെ എഴുന്നേറ്റ് പോയപ്പോൾ, അറയ്ക്കുള്ളിൽ കിടന്നിരുന്ന പഴയൊരു ജീർണിച്ച കുട്ടയെടുത്ത് അവയെ മുടി. ഭാരം കയറ്റിവെച്ച് മറ്റൊന്നും ഉപദ്രവിക്കില്ലന്ന് ഉറപ്പുവരുത്തി. അന്നു കുട്ടൻ മൂന്നുതവണ വീട്ടിൽ വന്നു. കുഞ്ഞുങ്ങൾക്ക് തീറ്റകൊടുത്തു. വീണ്ടും ഭദ്രമായി കുട്ടയ്ക്ക് കീഴിലാക്കി. പുറത്തുപോയി, തിരിച്ചുവന്നു. കാര്യങ്ങൾ നാട്ടിലാകെയായി. ''കുട്ടാ നിന്റെ പൂച്ചക്കുട്ടികൾക്ക് സുഖമാണോ'' – എന്നാരങ്കിലും കളിയാക്കി ചോദിച്ചാൽ കുട്ടന് അത് സ്വർഗ്ഗം കിട്ടിയതുപോലെയാണ്. വീടിന്റെ തിണ്ണയിൽ കുട്ടനെയും നോക്കി പൂച്ചക്കുട്ടികൾ കളിച്ചുകൊണ്ടിരിക്കും. കുട്ടൻ അവയ്ക്ക് പാല് കൊണ്ടുവരും ബിസ്ക്കറ്റ് കൊണ്ടുവരും. ഇടയ്ക്കൊക്കെ അച്ഛൻ തെങ്ങിൽനിന്നും അമ്മ തെങ്ങിൽ നിന്നും കരിക്കിട്ടുക്കൊടുക്കും. അവയാകട്ടെ കുട്ടന്റെ കാലിൽ കുഞ്ഞുനഖമമർത്തി ഇക്കിളിയാക്കും. മടിയിൽ ചാടിയിരുന്നു അധികാരം ഉറപ്പിക്കും. കഴുത്തിൽ തൂങ്ങിക്കിടന്ന് മുഖത്ത് ഉള്ളവച്ച് സ്നേഹം പ്രകടിപ്പിക്കും.

എല്ലാവരും പറഞ്ഞു ഇപ്പോൾ കുട്ടൻ പഴയതുപോലയല്ല. പണിയെടുത്താൽ പാലും ബിസ്ക്കറ്റും വാങ്ങാൻ പണം ചോദിക്കും. പൂച്ചക്കുട്ടികൾക്കൊപ്പം ഇരുന്നാൽ എന്തു പണിക്കും അരു വിളിച്ചാലുമങ്ങ് പോകുന്നപതിവില്ലാതായി. അസമയത്ത് കുപ്പി വാങ്ങാൻ ഇപ്പോൾ കുട്ടനെ കിട്ടുകയേ ഇല്ല. അത് കുട്ടൻ നിർത്തിയത്, ഒരിക്കൽ കുപ്പി വാങ്ങിപ്പിച്ച സംഘം പിള്ളാരായിരുന്നു. പാത്തും പതുങ്ങിയും കുറച്ചുകുടിച്ച് പിള്ളേരെല്ലാം ഒരു വഴിക്കായി. ബാക്കി പിന്നെ കുട്ടന്. കുട്ടൻ കിടന്നത് കടത്തിണ്ണേല്, ഉണരുമ്പോഴുണ്ട് എന്നുമുള്ള ആ പതുപതുപ്പും ചൂടും. ഉണർന്നപ്പോൾ പൂച്ചക്കുഞ്ഞുങ്ങൾ പുലിക്കുട്ടികളെപോലെ ചീറ്റി. കുട്ടൻ അന്ന് നിർത്തി കുപ്പിവാങ്ങലും കാലിയാക്കലും.

കുട്ടന്റെ സേവനം ലഭിച്ചിരുന്നവർക്കെല്ലാം പൂച്ചക്കുട്ടികളോട് വെറുപ്പായി. ഒരു നല്ല പൊട്ടനെ ഇങ്ങനെയാക്കി തീർത്ത അവറ്റകളോട് അരിശമായി. തങ്ങളുടെ വീട്ടിൽ ആവശ്യത്തിലധികം കയറി നടന്നതല്ലേ എന്ന ചോദ്യഭാവത്തിൽ ഇടയ്ക്കിടയ്ക്ക് അവർ കിഴക്കേതിലേം പടിഞ്ഞാറ്റേലെയും അടുക്കളകളിൽ രഹസ്യ സന്ദർശനം നടത്തി. പടിഞ്ഞാറ്റേ ജയന്റെ ഭാര്യയും കിഴക്കേതിലെ രജനിയും തമ്മിൽ പറഞ്ഞു. 'ഇപ്പോ ഒറ്റ തേങ്ങപോലും കിട്ടുന്നില്ല, എല്ലാം അവറ്റകൾക്ക് ഇട്ട് കൊടുക്കുകയല്ലേ പൊട്ടൻ'. അങ്ങനെ കുട്ടൻ മറ്റെല്ലാത്തിനേക്കാളും പൂച്ചക്കുട്ടികളെ സ്നേഹിച്ചപ്പോൾ ബാക്കിയെല്ലാവരും അവയെ വെറുത്തു.

അങ്ങനെപോകെ ഒരു ദിവസമാണ്. കുട്ടൻ പാലും ബിസ്ക്കറ്റുമായി നേരത്തെ വന്നു. തിണ്ണയിൽ കുട്ടനെ നോക്കി കുട്ടികളില്ല. പരിഭവത്തോടെ കുട്ടൻ അകത്ത് കയറി നോക്കി. ഒരനക്കവുമില്ല. കുട്ടൻ ഉറപ്പിച്ചു. മൂന്നും കൂടി കളിക്കുവാണ്. ഒളിച്ചിരിക്കുകയാണ്. കുട്ടൻ വെറുതെ തിരിച്ചു പോകാനെന്നവണ്ണം പുറത്തേയ്ക്ക് നടന്നു. പ്രതീക്ഷിച്ചപോലെ പിറകിൽനിന്ന് തിരിച്ച് 'മ്യുവു' വിളി കേട്ടില്ല. കുട്ടന് പരിഭ്രമമായി. വീടാകെ തിരഞ്ഞു. പറമ്പാകെ തിരഞ്ഞു. കിഴക്കേതിലെ പ്രശാന്തിന്റെ വീട്ടിലേയ്ക്ക് കയറി. പ്രശാന്തിന്റെ കട്ടിലിൽ രജനിയുടെ ചെവിയിൽ പടിഞ്ഞാറ്റേലെ രാജൻ എന്തു രഹസ്യമാണ് പറയുന്നതെന്ന് ശ്രദ്ധിക്കാതെ കട്ടിലിനടിയിലും, അവർ പകച്ചെഴുന്നേറ്റതറിയാതെ വീടാകെയും തിരഞ്ഞു. ജയൻ ഹാലിളക്കി വരുമെന്നോർക്കാതെ അയാളുടെ വീട്ടിലും അരിച്ചുപെറുക്കി. വഴിയിലും നാട്ടിലുമെല്ലാം തിരക്കി.

ആരൊക്കെയോ പൂച്ചക്കുട്ടികൾക്ക് സുഖമാണോ എന്നു തിരക്കിയപ്പോൾ കുട്ടന് ഭ്രാന്തെടുത്തു. പൊട്ടിക്കരഞ്ഞു. വൈകിട്ട് വീട്ടിലെത്തിയപ്പോഴും ആഗ്രഹിച്ചതുപോലെ കുട്ടികളവിടെയില്ല. കുട്ടൻ വീട്ടിൽ കിടന്നില്ല. പിന്നെ കുറച്ചു നാളുകൾക്കിടയിൽ രണ്ട് മൂന്ന് തവണ കുട്ടൻ പ്രതീക്ഷയോടെ വീട്ടിൽ വന്നു നോക്കിപ്പോയി. അവസാനം വന്നപ്പോൾ അച്ഛൻ തെങ്ങിന്റേയും അമ്മത്തെങ്ങിന്റേയും മണ്ട ചീഞ്ഞ് ഉരുകി മരിച്ചിരുന്നു. പൂച്ചക്കുട്ടികൾ എങ്ങോട്ടുപോയെന്ന് കുട്ടനൊരറിവുമില്ല. പിന്നെ കുട്ടൻ എങ്ങോട്ടുപോയെന്ന് നാട്ടുകാർക്കും.

റവ: ഡോ. എബ്രഹാം മുളമൂട്ടിൽ